**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1451** | **01-02-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഹൈസ്കൂളുകളിൽ അധ്യാപക തസ്തികയ്ക്ക് അനുമതി നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ക്ലാസ് മുറികളുടെ ഉയരക്കുറവിന്റെ സാങ്കേതികതയിൽ ഇളവ് അനുവദിച്ച് ഉത്തരവിറക്കിയിട്ടും കണ്ണൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ ഹൈസ്കൂൾ അദ്ധ്യാപക തസ്തികയ്ക്ക് അനുമതി നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ക്ലാസ് മുറികളുടെ ഉയരക്കുറവിന്റെ സാങ്കേതികതയിൽ ഇളവ് അനുവദിച്ച് ഉത്തരവിറക്കിയിട്ടും കണ്ണൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ ഹൈസ്കൂൾ അദ്ധ്യാപക തസ്തികയ്ക്ക് അനുമതി നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | 2022-23 അധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷനിൽ ക്ലാസ് മുറിയുടെ ഉയരക്കുറവ് മൂലം അധിക തസ്തികയ്ക്ക് അനുമതി ലഭിക്കാതിരുന്ന സ്കൂളുകൾക്ക് ഉയരത്തിൽ ഇളവ് നൽകാനുള്ള സർക്കാർ ഉത്തരവ് പ്രകാരം അധിക തസ്തികയ്ക്ക് അനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദമാക്കുമോ; | (ബി) | 11-11-2019-ലെ സ.ഉ.(സാധാ) നം.4770/2019/ പൊ.വി.വ നമ്പർ പ്രകാരം 1991 വർഷത്തിനു ശേഷം നിർമ്മിച്ച എല്ലാവിധ സ്കൂൾ കെട്ടിടങ്ങളുടേയും ഉയരത്തിൽ ഇളവ് നൽകുന്നതിനുള്ള അധികാരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകിയിട്ടുള്ളതിനാൽ ഇത്തരത്തിലുള്ള ഇളവ് അധിക ഡിവിഷനുകൾ അനുവദിക്കുന്നതിന് പരിഗണിക്കുന്നതിന് നിയമപരമായ തടസമില്ല. കെ.ഇ.ആർ പ്രകാരം accommodation എന്ന ഘടകവും കൂടി കണക്കിലെടുത്താണ് തസ്തിക നിർണ്ണയം നടത്തുന്നത്. ആയതിനാൽ സ്കൂൾ കെട്ടിടങ്ങളുടെ ഉയരത്തിൽ ഇളവ് അനുവദിക്കുന്ന പക്ഷം, ടി അക്കാദമിക വർഷത്തെ തസ്തികനിർണ്ണയം നടത്തുമ്പോൾ അധിക ഡിവിഷനുകൾ അനുവദിക്കുന്നതിനും ആയത് പരിഗണിക്കാവുന്നതാണ് എന്ന് 16-08-2023 ലെ ജെ.ആർ1/432/2023/പൊ.വി.വ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്കൂളുകളിൽ അതത് വിഷയങ്ങളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ താൽക്കാലിക നിയമനങ്ങളാണ് നടന്നുവരുന്നതെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| സ്കൂളിന്റെ പേര് | തസ്തിക അനുവദിക്കാത്തതിന്റെ കാരണം |
|---|---|
| GVHSS കതിരൂർ<br>GHSS, ചിറ്റാരിപ്പറമ്പ്<br>GHSS, ചാവശ്ശേരി<br>GHSS, കോട്ടയം, മലബാർ | കെട്ടിടത്തിന് ഉയരക്കുറവിൽ ഇളവ് അനുവദിച്ചത് തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെട്ടുവിച്ചതിന് ശേഷമായതിനാൽ |
| GHSS വളപട്ടണം<br>GHSS ചാല<br>GHSS അരോളി | 2023-24-ലെ തസ്തിക നിർണ്ണയത്തിന് ശേഷം ഉയരക്കുറവിൽ ഇളവ് അനുവദിച്ച് ഉത്തരവായതിനാൽ |
| GHSS തടിക്കടവ്<br>GHSS ഇരിക്കൂർ<br>GHSS കോറോം<br>GHSS കുഞ്ഞിമംഗലം | കെട്ടിടത്തിന് ഉയരക്കുറവിൽ ഇളവ് അനുവദിച്ചത് തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെട്ടുവിച്ചതിന് ശേഷമായതിനാൽ |

**സെക്ഷൻ ഓഫീസർ**